## 225

ദൈവത്തിൻ കുഞ്ഞാടേ സർവ്വ വന്ദനത്തിനും യോഗ്യൻ നീ
ജ്ഞാനവും ശക്തിയും ധനം ബലം
സ്തുതി ബഹുമാനമെല്ലാം നിനക്കേ

1 ഘോരപിശാചിൻ നുകം നീങ്ങാൻ പോരാ സ്വയത്തിൻ ശ്രമങ്ങൾ
ചോരയിൻ ചോരിച്ചിലാൽ യേശുവേ ഈ വൻ-
പോരിനെ തീർത്തവൻ നീ

2 ന്യായപ്രമാണത്തിന്റെ ശാപം ആയതെല്ലാം തീർക്കുവാൻ
പ്രായശ്ചിത്താർത്ഥമായ് പാപത്തിന്നായി
നിൻ കായത്തെ ഏൽപ്പിച്ചു നീ

3 മൃത്യുവെ ജയിപ്പാൻ നീ ദൈവഭൃത്യനാം നിന്നെത്തന്നെ
നിത്യദൈവാവിയാലർപ്പിച്ചതാലീ മർത്യർക്കു ജീവനു ായ്

4 ദൈവത്തിൻ കൂട്ടായ്മ ഞങ്ങൾ ചാവിലും ആസ്വദിപ്പാൻ
ദൈവത്താൽ വിടപ്പെട്ടു ക്രൂശിങ്കൽ നീ നിൻ
ജീവനെ ഏൽപ്പിച്ചപ്പോൾ

5 കുറ്റം ചുമത്തുന്നതാർ? നിന്റെ ശത്രുവർഗ്ഗമെവിടെ?
യുദ്ധമൊഴിഞ്ഞു സമാധാനമായി വിശുദ്ധമാം രക്തത്തിനാൽ

6 ഹല്ലേലുയ്യാ പാടിൻ ക്രിസ്തു നല്ലവനെന്നാർക്കുവിൻ
വല്ലഭമാം തിരുനാമത്തിൽ സൃഷ്ടിയെല്ലാം വണങ്ങിടട്ടെ V.N.